LBRD-C4/210/2024-LBRD

"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തൊഴിലും നൈപുണ്യവും വകുപ്പ് - വ്യാവസായിക പരിശീലനം- ജീവനക്കാര്യം- കോഴിക്കോട് വനിതാ ഐ.ടി.ഐയിലെ വാച്ച്മാൻ ആയ ശ്രീ.ജുബീഷ് രാജ്.കെ.എൻ-നു പഠനാവശ്യത്തിനായി ശൂന്യവേതനാവധി അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തൊഴിലും നൈപുണ്യവും (സി) വകുപ്പ്**

സ.ഉ.(സാധാ) നം.789/2025/LBR തീയതി,തിരുവനന്തപുരം, 28-06-2025

---

പരാമർശം:- 1. കോഴിക്കോട് വനിതാ ഐ.ടി.ഐയിലെ വാച്ച്മാൻ ആയ ശ്രീ.ജുബീഷ് രാജ്.കെ.എൻ 31/08/2024-ൽ സമർപ്പിച്ച അവധി അപേക്ഷ.

2. ട്രെയിനിംഗ് ഡയറക്ടറുടെ 24/10/2024, 23/05/2025 എന്നീ തീയതികളിലെ ഡി.ടി/4686/2024/എ7 നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

വ്യാവസായിക പരിശീലന വകുപ്പിൻ കീഴിലുള്ള കോഴിക്കോട് വനിതാ ഐ.ടി.ഐയിലെ വാച്ച്മാൻ ആയ ശ്രീ.ജുബീഷ് രാജ്.കെ.എൻ-നു മണിയൂർ ഗവൺമെൻറ് ഐ.ടി.ഐയിൽ ഡ്രാഫ്റ്റ്സ്മാൻ സിവിൽ ട്രേഡ് പഠിക്കുന്നതിനായി 02/09/2024 മുതൽ 31/07/2026 വരെ ശൂന്യവേതനാവധി അനുവദിക്കുന്നതിനായി പരാമർശം 1 പ്രകാരം അപേക്ഷ സമർപ്പിച്ചിരുന്നു. ടി അപേക്ഷ ശുപാർശ ചെയ്ത് പരാമർശം 2 പ്രകാരം ട്രെയിനിംഗ് ഡയറക്ടർ സർക്കാരിൽ ലഭ്യമാക്കിയിരുന്നു.

2.സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു.ശ്രീ.ജുബീഷ് രാജ്.കെ.എൻ-നു പഠനാവശ്യത്തിനായി 02/09/2024 മുതൽ 31/07/2026 വരെ (01/09/2024 മുൻചേർത്ത്) കാലയളവ് ഇൻക്രിമെന്റ്, പെൻഷൻ, ഹയർ ഗ്രേഡ്, ആർജ്ജിതാവധി എന്നിവയ്ക്കു കണക്കാക്കുന്നതല്ല എന്ന വ്യവസ്ഥയിൽ കെ.എസ്.ആർ., ഭാഗം I, ചട്ടം 88 പ്രകാരം ശൂന്യവേതനാവധി അനുവദിച്ച് ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
അനിൽ കുമാർ എസ്
ഡെപ്യൂട്ടി സെക്രട്ടറി

ട്രെയിനിംഗ് ഡയറക്ടർ, തിരുവനന്തപുരം.
ശ്രീ.ജുബീഷ് രാജ്.കെ.എൻ , വാച്ച്മാൻ, ഐ.ടി.ഐ (വനിത) , കോഴിക്കോട് (ട്രെയിനിംഗ് ഡയറക്ടർ മുഖാന്തിരം)
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ ആന്റ് ഇ) കേരള, തിരുവനന്തപുരം.
ധനകാര്യ വകുപ്പ്. (18/02/2025-ലെ 3015631/എൽ.ബി.ആർ1/2/2025/ധന നമ്പർ നോട്ട് പ്രകാരം)
വിവര പൊതുജന സമ്പർക്ക വകുപ്പ്. ( ഗവൺമെന്റ് വെബ് സൈറ്റിൽ നൽകുന്നതിനായി)
കരുതൽ ഫയൽ / ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

Signed by
Usha Rani L
സെക്ഷൻ ഓഫീസർ
Date: 30-06-2025 15:20:06